# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 830 08.01.2014 - ൽ മറുപടിയ്ക്ക്

## കൊച്ചിയിൽ സ്വകാര്യ ഡെന്റൽ കോളേജിന് എൻ.ഒ.സി.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. എ. ബേബി | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന് സമീപം സ്വകാര്യ ഡെന്റൽ കോളേജിന് എൻ.ഒ.സി നൽകാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) സഹകരണ മെഡിക്കൽ കോളേജിന്റെ ചികിത്സാ സംവിധാനങ്ങൾ പങ്ക് വെക്കാമെന്ന ലക്ഷ്യം ഡെന്റൽ കോളേജ് പദ്ധതിക്കാർക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കേന്ദ്ര ഗവൺമെന്റ് വിജ്ഞാപന പ്രകാരം നിഷ്കർഷിച്ചിട്ടുള്ള 10 എ അമെൻഡ് മെന്റ് ആക്ട് പ്രകാരം സമർപ്പിക്കേണ്ടതായ, ട്രസ്റ്റിന്റെ വിശദ വിവരങ്ങൾ, ട്രസ്റ്റിന്റെ കൈവശം ഉള്ള ഭൂമിയുടെ വിസ്തീർണ്ണവും, കൈവശാവകാശവും തെളിയിക്കുന്ന രേഖകൾ, അപേക്ഷകന്റെ വിദ്യാഭ്യാസ മേഖലയിലുള്ള മുൻകാല പ്രവൃത്തി പരിചയം, നടത്തിപ്പോരുന്ന ആശുപത്രിയുടെ വിശദ വിവരങ്ങൾ തുടങ്ങിയ അനിവാര്യമായ രേഖകൾ ഒന്നും തന്നെ നാളിതുവരെ സമർപ്പിച്ചിട്ടില്ല. |
| (സി) സഹകരണ മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ സ്വകാര്യ ഡെന്റൽ കോളേജിന് നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തുകൊണ്ട് സ.ഉ (കൈ)നം.488/2013/ആകവ തീയതി 1712.2013 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) ഡെന്റൽ കോളേജ് നടത്താനുള്ള ചെന്നൈയിലെ സൺഷൈൻ എജ്യുക്കേഷൻ ട്രസ്റ്റിന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഡി) | സൺഷൈൻ എജ്യുക്കേഷൻ ട്രസ്റ്റ് 22.06.2012 ൽ പത്തനംതിട്ട ജില്ലയിലേക്കാണ് ആദ്യമായി അപേക്ഷ നൽകിയത്. ആ സംരംഭത്തിന്റെ വിശദവിവരങ്ങൾ സമർപ്പിച്ചിട്ടില്ല. അതിനു ശേഷം 23.08.2013 ൽ എറണാകുളത്ത് ഡെന്റൽ കോളേജ് ആരംഭിക്കുന്നതിനായി |

| | | |
|---|---|---|
| | | അപേക്ഷ നൽകിയിരുന്നു. പ്രസ്തുത ട്രസ്റ്റിന്റെ വിശദ വിവരങ്ങൾ, സ്ഥല ലഭ്യത, കൈവശാവകാശം, പ്രവൃത്തി പരിചയം, അദ്ധ്യാപകരുടെ വിവരങ്ങൾ, ആഡിറ്റഡ് സ്റ്റേറ്റ്മെന്റ്, സ്കീംസ് എന്നിവയെ സംബന്ധിച്ച് വിവരങ്ങളും രേഖകളും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി സ്ഥാപനത്തിന്റെ വിശ്വാസ്യത വിശദമായി പരിശോധിച്ചതിനുശേഷമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ